A

# സമഗ്ര ശിക്ഷാ, കേരളം

902

# പാദവാർഷിക മൂല്യനിർണയം 2023-24

ക്ലാസ് : 9

## മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**
**(1 സ്കോർ വീതം)** **(4 x 1 = 4)**

1. "മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ -
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും."

   വരികളിലെ മുല്ലമൊട്ടുകൾ എന്ന പ്രയോഗം എന്തിനെ സൂചിപ്പിക്കുന്നു?

   - ആകാശത്തെ
   - നക്ഷത്രങ്ങളെ
   - നിലാവിനെ
   - ചന്ദ്രനെ

2. പ്രകൃതിഭാവങ്ങളിൽ ചിലതു നമ്മിൽ സൗന്ദര്യപ്രതീതി ഉളവാക്കുവാൻ പര്യാപ്തമായിരിക്കാം.

   പ്രകൃതിഭാവം എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

   - പ്രകൃതിയുടെ ഭാവം
   - പ്രകൃതിയാകുന്ന ഭാവം
   - പ്രകൃതിയോടുള്ള ഭാവം
   - പ്രകൃതിയും ഭാവവും

3. "നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന."

   വരികളുടെ ആശയത്തിന് യോജിക്കുന്ന പ്രസ്താവന ഏത്?

   - പിണക്കങ്ങൾ അകൽച്ച സൃഷ്ടിക്കുന്നു
   - പ്രിയപ്പെട്ടവരുടെ അഭാവം വേദനയുണ്ടാക്കുന്നു
   - അമ്മയുടെ വേർപാട് വേദനിപ്പിക്കുന്നില്ല
   - മാതൃസ്നേഹം തിരിച്ചറിയാൻ സാധിച്ചില്ല



(മറുപുറം)

4. താഴെ കൊടുത്തവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

| | | |
|---|---|---|
| ജനക്കൂട്ടം | - | ജന, ക്കൂട്ടം |
| കൈത്തണ്ട് | - | കൈ, ത്തണ്ട് |
| ചെവിയോർത്തു | - | ചെവി, ഓർത്തു |
| തലയെടുപ്പ് | - | തല, യെടുപ്പ് |

5. "അമ്മ നിത്യവും പ്രതീക്ഷിക്കുന്നുണ്ടെന്നു മകനറിയാം. പക്ഷേ, എന്തു ചെയ്യും?"
ബഷീറിന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?

- പരിഭവം
- പ്രതിഷേധം
- സഹതാപം
- നിസ്സഹായത

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**
**(2 സ്കോർ വീതം) (2x2= 4)**

6. "എത്രയോ ദമ്പതിമാർ തൻ മധുവിധു-
ച്ചിത്രങ്ങൾതൂങ്ങും തളത്തിലെ ഭിത്തിമേൽ
നാമന്നു നിഷ്കർഷ പാലിച്ചെടുത്തൊരാ-
ച്ഛായയും തൂങ്ങിക്കിടപ്പുണ്ടൊരോർമ്മയായ്."

(നഗരത്തിൽ ഒരു യക്ഷൻ)

ഈ വരികൾ നൽകുന്ന ആശയസൂചനകൾ എന്തെല്ലാം? രണ്ടെണ്ണം എഴുതുക.

7. "നീട്ടിപ്പിടിച്ച തന്റെ കൈയിൽ ആരുടെയോ കൈത്തലം..... പൂവിതളുകളുടേതുപോലുള്ള മൃദുസ്പർശം."

(കുപ്പിവളകൾ)

അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷതകൾ കണ്ടെത്തിയെഴുതുക.

8. അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കുക.

അമ്മയുടെ എഴുത്തു വായിച്ചപ്പോൾ പഴയ ചില ഓർമ്മകൾ എന്നിലുണ്ടായി.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(4 സ്കോർ വീതം) (5x4 = 20)**

9. • "എന്റെ പേരിലുള്ള നിലം വിറ്റ് പണമാക്കിയാൽ അതെനിക്കു വലിയ ഉപകാരമാവും. അതിനെപ്പറ്റി ഏട്ടത്തിയോട് സംസാരിക്കാനാണ് ഞാൻ വന്നത്. "

• "അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലോ." - അയാൾ ചിരിക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു.

(കീറിപ്പൊളിഞ്ഞ ചകലാസ്)

സന്ദർഭത്തിൽ തെളിയുന്ന ഗോപി എന്ന കഥാപാത്രത്തിന്റെ മനോഭാവം വിശകലനം ചെയ്യുക.

10. "വസന്തത്തിലൂടെ പുഞ്ചിരിതൂകുന്ന പ്രകൃതി ചിലപ്പോൾ നഖത്തിലും ദന്തത്തിലും രക്തം പുരണ്ട ഉഗ്രരൂപിണിയായും പ്രത്യക്ഷപ്പെടുന്നു."

(പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും)

- ഈ നിരീക്ഷണത്തിൽ തെളിയുന്ന പ്രകൃതിഭാവങ്ങളുടെ സവിശേഷതകൾ വിശദമാക്കുക.

11. • "മേരിയും ലിസയും സേതുവുമൊക്കെ പറഞ്ഞുരസിക്കുന്നതൊന്നും തനിക്കുൾക്കൊള്ളാനാവില്ല. അതുകൊണ്ടുതന്നെയാവും അവർ തന്നെ സംഭാഷണങ്ങളിൽനിന്ന് ഒഴിവാക്കാൻ തിടുക്കപ്പെടുന്നത്."

• "എന്തെങ്കിലും തന്നെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്ന ഓരേയൊരാൾ മാത്രം - ദേവുച്ചേച്ചി!" (കുപ്പിവളകൾ)

കൂട്ടുകാരെക്കുറിച്ചുള്ള കണ്ണമ്മയുടെ അഭിപ്രായങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

12 "പോയ മധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ." (നഗരത്തിൽ ഒരു യക്ഷൻ)

കവിയുടെ ഈ തിരിച്ചറിവിന് ഇടയാക്കിയ സാഹചര്യം എന്ത്? കാവ്യഭാഗം വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

13. "എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും, ഹാ! ജീവിതത്തെ മധുരിപ്പിച്ചീടുന്നു! " (സൗന്ദര്യലഹരി)

കവിയുടെ ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

14. • "ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ട്!............ എന്റെ മാതാവു പേടിച്ച് അമ്പരന്നുപോയി. ഹോ...... എന്റെ മകനേ!...... അമ്മ തുറന്ന വായയോടെ എന്നെ നോക്കി."

• "എടാ, ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?"

• "മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം." (അമ്മ)

ഈ സന്ദർഭങ്ങൾ ബഷീറിന്റെ അമ്മയെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2x 6 = 12)**

15. • "സൗന്ദര്യവും തിളക്കവും പച്ചനിറവും ഒന്നും തനിക്കു പിടിയുള്ള വാക്കുകളല്ലല്ലോ!"

• "കൈകൾ കുലുക്കി കുപ്പിവളകളുടെ മന്ത്രനാദം കേൾക്കുന്ന തിരക്കിൽ അവൾ മറ്റെല്ലാം മറന്നുപോയിരുന്നു." (കുപ്പിവളകൾ)

കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കണ്ണമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

 (മറുപുറം)

16. • "എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ?"

• "ഭാരതം നാളെ സ്വതന്ത്രമാവും; സ്വാതന്ത്ര്യസമരത്തിൽ എനിക്കും പങ്കുവേണം!"

(അമ്മ)

കഥയിലെ മറ്റു സന്ദർഭങ്ങളും നിങ്ങളുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി 'നാടിന്റെ പുരോഗതിയിൽ വിദ്യാർഥികളുടെ പങ്ക്' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. തന്നിരിക്കുന്ന കവിതയിലെ ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**കാട്ടുപുല്ലുകൾ**

ചെത്തിക്കോരിക്കളഞ്ഞാലും
മുളയ്ക്കും കാട്ടുപുല്ലുകൾ
മുറ്റത്തു കാടുകെട്ടുമ്പോൾ
ചൊടിച്ചൂ സഹധർമിണി:
'മുറ്റം ചെത്തി മടുത്തൂ ഞാൻ
വയ്യ പുല്ലു പറിക്കുവാൻ.'
കുടുംബപ്രശ്നമായിത്തീർന്നി-
തന്നുതൊട്ടു മുറ്റംപണി
ഒടുക്കം മുറ്റം നന്നാക്കാൻ
കരാറായ്, പണി ഭംഗിയായ്
സിമന്റും കട്ടയും കല്ലു-
മൊതുക്കീ കാട്ടുപുല്ലിനെ.
ഒരുനാൾ നല്ല മുറ്റത്തൂ-
ടലസം ഞാനുലാത്തവേ,
കട്ട തന്നിളുമ്പിൽക്കൂടി
തല നീട്ടുന്നൂ പുല്ലുകൾ.
കാലിൽ കെട്ടിപ്പിടിക്കുന്നൂ
പിന്നെയും കാട്ടുപുല്ലുകൾ:
'സോദരാ മണ്ണിൽനിന്നു ഞാൻ,
നിന്നെ വിട്ടെങ്ങുപോകുവാൻ!'

| ഇളുമ്പ് – വിടവ് |
|---|

(ആലങ്കോട് ലീലാകൃഷ്ണൻ)

---